നഗരസഭ കാലാകാലമായി നിക്ഷേപിച്ചിരുന്ന മാലിന്യങ്ങൾ മറവു ചെയ്യുന്നതിന് ശാസ്ത്രീയമായ കാപ്പിംഗ് രീതി അവലംബിച്ചുകൊണ്ട് 44 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഒരു പദ്ധതി IRTC-യുടെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതു കൂടാതെ നിലവിലുള്ള കമ്പോസ്റ്റ് പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്ന കാര്യവും നഗരസഭയുടെ പരിഗണനയിലുണ്ട്.

(സി) മാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രവണത തടയുവാൻ പാലക്കാട് നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ സ്കാഡ് രൂപീകരിച്ച് ഫൈൻ ഈടാക്കി വരുന്നുണ്ട്.

(ഡി) ഇതുവരെ 26 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതായി നഗരസഭ അറിയിച്ചിട്ടുണ്ട്.

സ്പോൺസർഷിപ്പ് വഴി വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള കമ്പനികൾ

147 (1905) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല മുതൽ അരൂർ വരെയുള്ള ഹൈവേ മീഡിയനിൽ സ്പോൺസർഷിപ്പ് വഴി വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത് ഏതൊക്കെ കമ്പനികളാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ പഞ്ചായത്തും, ഏതെല്ലാം ഏജൻസികളുമായാണ് കരാറിലേർപ്പെട്ടിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം വ്യവസ്ഥകൾ അംഗീകരിച്ചാണ് വഴിവിളക്കുകൾ സ്ഥാപിക്കാൻ പ്രസ്തുത ഏജൻസികൾ സമ്മതിച്ചിട്ടുള്ളതെന്നും, ഈ ഏജൻസികളുടെ പേരും അഡ്രസ്സും ഫോൺ നമ്പരും വെളിപ്പെടുത്തുമോ ;

(ഡി) കൃത്യമായി മെയിന്റനൻസ് നടത്താത്തതും ഫ്യൂസായി പോകുന്ന ട്യൂബുകൾ മാറ്റി സ്ഥാപിക്കാത്തതുമായ ഏജൻസികളുടെ പേരിൽ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) മീഡിയാ കമ്മ്യൂണിക്കേഷൻസ് കൊച്ചി, സൈറ്റ് പബ്ലിസിറ്റി ചങ്ങനാശ്ശേരി, ബാന്റ് ഫ്രയിം കല്ലൂർ, സൈൻഹോസ്റ്റ് മീഡിയ കൊച്ചിൻ, സൈൻ കോസ്റ്റ് മീഡിയ സൗത്ത് കളമശ്ശേരി.

(ബി) കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്, മീഡിയാ കമ്മ്യൂണിക്കേഷൻസ് കൊച്ചി, എഴുപുന്ന ഗ്രാമപഞ്ചായത്ത് ബ്രാൻഡ്ഫ്രയിം, കല്ലൂർ, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് സൈൻ ഹോസ്റ്റ് മീഡിയാ കൊച്ചിൻ, കുത്തിയതോട് ഗ്രാമപഞ്ചായത്ത് സൈറ്റ് പബ്ലിസിറ്റി, ചങ്ങനാശ്ശേരി, പട്ടണക്കാട് ഗ്രാമപഞ്ചായത്ത് സൈറ്റ് പബ്ലിസിറ്റി ചങ്ങനാശ്ശേരി, വയലാർ ഗ്രാമപഞ്ചായത്ത് സൈൻകോസ്റ്റ് മീഡിയ, സൗത്ത് കളമശ്ശേരി, അരൂർ ഗ്രാമപഞ്ചായത്ത് ബ്രാൻഡ്ഫ്രയിം, കല്ലൂർ, തുറവൂർ ഗ്രാമപഞ്ചായത്ത് സൈറ്റ് പബ്ലിസിറ്റി, ചങ്ങനാശ്ശേരി.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) വ്യവസ്ഥകൾക്ക് അനുസൃതമായി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് തന്നെ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ജനന-മരണ രജിസ്ട്രേഷൻ നടപടി

148 (1906) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനന-മരണ രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ :

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(a) നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ്-ആവശ്യകത പരിഗണിക്കാതെ നൽകേണ്ടതാണ്.

(b) 2008-ന് മുമ്പ് ദത്തെടുത്ത കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ മാതാപിതാക്കളുടെ താമസസ്ഥലത്ത് രജിസ്റ്റർ ചെയ്യാവുന്നതും ഗാർഡിയൻഷിപ്പ് വച്ച് ദത്തെടുത്ത കുട്ടികളുടെ രജിസ്ട്രേഷനിലും പ്രസ്തുത വിവരം കാണിച്ച് സർട്ടിഫിക്കറ്റ് നൽകാവുന്നതുമാണ്. കൂടാതെ ദത്തെടുത്ത കുട്ടികൾക്ക് അപമാനകരമായ രീതിയിൽ ജനനസ്ഥലം രേഖപ്പെടുത്താൻ പാടുള്ളതല്ല.

(c) ജനന രജിസ്ട്രേഷനുകളിൽ കുട്ടിയുടെ പേര് ഓമനപ്പേരാണെങ്കിൽ പ്രായപരിധിയില്ലാതെ പ്രസ്തുത പേര്മാറ്റി യഥാർത്ഥ പേര് ചേർക്കാവുന്നതും അല്ലാത്തവയിൽ 6 വയസ്സിന് മുമ്പ് ഒരു പ്രാവശ്യം പേരിൽ മാറ്റം വരുത്താവുന്നതുമാണ്. കൂടാതെ 6 വയസ്സിന് ശേഷമാണെങ്കിൽ ഏഫിയാസ് ചേർത്ത് അറിയപ്പെടുന്ന പേര് കൂട്ടിചേർക്കാവുന്നതും ഉച്ചാരണത്തിൽ മാറ്റം വരാതെയാണെങ്കിൽ പ്രായപരിധിയില്ലാതെ മാറ്റം വരുത്താവുന്നതുമാണ്.

(d) മേൽ പ്രസ്താവിച്ചത് മാതാപിതാക്കളുടെ പേരിലെ തിരുത്തൽ/കൂട്ടിചേർക്കൽ എന്നിവയിലും ബാധകമാണ്.

(e) മേൽ പ്രസ്താവിച്ചത് കൂടാതെ ഗസറ്റ് വിജ്ഞാപനം വഴി പേര് മാറ്റിയിട്ടുണ്ടെങ്കിൽ ആയതും ഏഫിയാസ് ചേർക്കാവുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly